**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1264** **10-10-2024 - ൽ മറുപടിയ്ക്ക്**

**തുരുത്തിമുക്ക് കരിയാട് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമ പഞ്ചായത്തിനേയും കൂത്ത്പറമ്പ് മണ്ഡലത്തിലെ കരിയാടിനേയും ബന്ധിപ്പിക്കുന്ന തുരുത്തിമുക്ക് കരിയാട് പാലം നിർമ്മാണത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (എ) | കിടഞ്ഞി തുരുത്തിമുക്ക് പാലത്തിന് 31.10.2016 തീയതിയിലെ GO (Rt)No.1496/2016/PWD പ്രകാരം തത്വത്തിൽ 15 കോടി രൂപയുടെ ഭരണാനുമതിയും, 16.03.2019 തീയതിയിൽ കിഫ്ബിയിൽ നിന്നും 11.791 കോടി രൂപയുടെ സാമ്പത്തികാനുമതിയും അനുവദിച്ചിരുന്നു . 25.10.2019 -ൽ 12.98 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി, വർക്ക് ടെൻഡർ ചെയ്തു. തുടർന്ന് M/s ULCCS Pvt. Ltd ന് 12.32 കോടി രൂപയ്ക്ക് കരാർ നൽകി. പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ വൈകിയതുകാരണം പ്രവൃത്തി വൈകിയതിനെ തുടർന്ന് കരാറുകാരൻ Price Escalation ആവശ്യപ്പെടുകയും, അതിന് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിക്കാത്തതിനെ തുടർന്ന് കരാറുകാരനെ ഒഴിവാക്കി പ്രവൃത്തി Foreclose ചെയ്യുകയും, ബാലൻസ് പ്രവൃത്തി ടെണ്ടർ ചെയ്യുകയുമുണ്ടായി.<br><br>പാലത്തിന്റെ നിർമ്മാണം നിലവിൽ 7% മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. നിലവിൽ അപ്രോച്ച് റോഡുകളുടെ സ്ഥലം ഏറ്റെടുപ്പ് പൂർത്തീകരിച്ച് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് ബാലൻസ് എസ്റ്റിമേറ്റിന്, 08.05.2023 – ൽ 12,40,10,000/- രൂപയുടെ സാങ്കേതികാനുമതി നൽകി വർക്ക് ടെൻഡർ ചെയ്തു. മൂന്ന് തവണ പ്രവൃത്തി ടെണ്ടർ ചെയ്തു. ആദ്യത്തെ ടെൻഡർ സിംഗിൾ ബിഡ് ആയതിനാൽ റീ ടെൻഡർ ചെയ്തു രണ്ടാമത്തെ ടെൻഡറിൽ ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 27% അധികമായതിനാൽ 45-ാം മത്തെ ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം വീണ്ടും റീ ടെൻഡർ ചെയ്തു. തുടർന്ന് മൂന്നാമത്തെ ടെൻഡറിലും ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 27% അധികമായതിനാൽ 21.11.2023 ൽ ടെൻഡർ എക്സസ് |

| | | | |
|---|---|---|---|
| | | | അംഗീകരിക്കുന്നതിനായി സമർപ്പിക്കുകയും 04.04.2024 തീയതിയിൽ എസ്റ്റിമേറ്റ് പുനപരിശോധിച്ച് വീണ്ടും ടെൻഡർ ചെയ്യുവാനുള്ള നിർദ്ദേശം പ്രോജക്റ്റ് ഡയറക്ടർക്ക് നൽകുകയും ചെയ്തു. അത് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.എഫ്.ബി. കണ്ണൂർ ഡിവിഷൻ സമർപ്പിച്ചത് 166-ാമത്തെ ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും, എസ്റ്റിമേറ്റ് ജനറൽ ഡിസൈൻ ഡ്രോയിംഗ് അനുസരിച്ച് കറക്റ്റ് ചെയ്തു സമർപ്പിക്കുവാൻ കണ്ണൂർ, കെ.ആർ.എഫ്.ബി. ഡിവിഷൻ ഓഫീസിലേക്ക് നിർദ്ദേശം നൽകുകയും ചെയ്തു. അത് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | നിർമ്മാണത്തിന് ആവശ്യമായ അധിക ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | എ പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ